**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1537** **05/02/2019 -ൽ മറുപടിയ്ക്ക്**

**അശാസ്ത്രീയമായ കീടനാശിനി പ്രയോഗം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ. ബാബു** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കാർഷിക മേഖലയിൽ അശാസ്ത്രീയമായ കീടനാശിനി പ്രയോഗം നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ അശാസ്ത്രീയ കീടനാശിനി പ്രയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) ബോധവൽക്കരണത്തിലൂടെയും നല്ല കൃഷി മുറകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഘട്ടം ഘട്ടമായി രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് സുരക്ഷിത ഭക്ഷ്യ ഉല്പാദനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നത്. അമിതകീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധ വൽക്കരിക്കുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് |

നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവകീടരോഗ നിയന്ത്രണോപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ട്രൈക്കോഡർമ, വി.എ.എം. മുതലായവ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു.

2016-17 മുതൽ സംസ്ഥാനത്ത് ക്വാളിറ്റികൺട്രോൾ എൻഫോഴ്സ്മെന്റ് കാമ്പയിൻ നടപ്പിലാക്കി വരുന്നു. കാമ്പയിന്റെ ഭാഗമായി എല്ലാ ഫെർട്ടിലൈസർ, ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരും എല്ലാ മാസവും അതാത് പ്രദേശത്തെ ഡിപ്പോകൾ നിർബന്ധമായും പരിശോധിക്കുന്നു. ഇതിനു പുറമേ സംസ്ഥാനത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. മാത്രമല്ല സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള മാരക കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് തടയുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട്, നിയന്ത്രിത വിഭാഗത്തിൽപ്പെടുന്ന കീടനാശിനികളുടെ വില്പനയ്ക്ക് കൃഷി ഓഫീസറുടെ ശുപാർശാ കുറിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. നിയന്ത്രിത കീടനാശിനി ഉപഭോക്താക്കളുടെ പേരുവിവരം ഡിപ്പോകളിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിനും സ്റ്റോക്ക് - വില വിവരങ്ങൾ പരസ്യമായി പ്രദർശിപ്പിക്കുന്നതിനും എല്ലാ കർഷകർക്കും നിർബന്ധമായും ക്യാഷ്ബിൽ നല്കുന്നതിനും ഡിപ്പോകൾക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.വിത്ത്, വളം,കീടനാശിനി എന്നിവയുടെ വിതരണവും വില്പനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകൃത ഡീലർമാർക്കായി ബോധവൽക്കരണ

| | | | |
|---|---|---|---|
| | | | ക്ലാസ്സുകളും സെമിനാറുകളും 2017-18 മുതൽ നടത്തിവരുന്നു.<br>ഗാർഹിക കീടനാശിനികൾ ഉപഭോഗ വസ്തുക്കൾക്കൊപ്പം സൂക്ഷിക്കുന്നതിനും വില്പന നടത്തുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക കീടനാശിനി വിതരണക്കാർ കൃഷി വകുപ്പിൽ നിന്നും കീടനാശിനി വില്പന വിതരണത്തിനുള്ള ലൈസൻസ് വാങ്ങേണ്ടതും വില്പനക്കാർ ലൈസൻസിന്റെ പകർപ്പ് കടയിൽ സൂക്ഷിക്കേണ്ടതുമാണ്.<br><br>കർഷകർക്കും കർഷക സമിതികൾക്കും കീടനാശിനി നിർമ്മാണ കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനികൾ വിതരണം ചെയ്യുന്നതും, കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ അനുമതിയില്ലാതെ കർഷകരുമായി ചേർന്ന് കീടനാശിനി പരീക്ഷണങ്ങളും, ഡെമോൺസ്ട്രേഷനുകളും നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. ഡിപ്പോകളിൽ കീടനാശിനികൾ വലിയ പാക്കറ്റുകളിലും, ബോട്ടിലുകളിലും സ്റ്റോക്ക് ചെയ്യുന്നതും വില്പന നടത്തുന്നതും നിരീക്ഷണ വിധേയമാക്കിയിട്ടുണ്ട്. അംഗീകൃത വില്പനശാലകളിലൂടെയല്ലാതെ ഹാർഡ് വെയർ/ പ്ലൈവുഡ്ഷോപ്പുകളിലൂടെ ലൈസൻസ് ഇല്ലാതെയുള്ള കീടനാശിനി വില്പന തടയുന്നതിനും നടപടികൾ എടുത്തുവരുന്നു. |
| (സി) | കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് കർഷകർക്ക് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ? | (സി) | കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിപണിയിലെ പച്ചക്കറികളിൽ നടത്തിയ അവശിഷ്ട വിഷാംശം പരിശോധനയിൽ കീടനാശിനി അംശം കണ്ടെത്തിയ സാഹചര്യത്തിൽ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ കീടനാശിനികൾ ശുപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നത് പൂർണ്ണമായും നിയന്ത്രിക്കുന്നതിനുവേണ്ടി |

കൃഷി ഡയറക്ടറുടെ 03/01/2019 -ലെ ടി.ക്യൂ.22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികളുടെ വിതരണവും, വിൽപ്പനയും, ഉപയോഗവും, നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കീടനാശിനി കൃത്യ അളവിൽ കർഷകൻ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**